# ബിഹാറിൽ രണ്ടു കോടിയുടെ പദ്ധതിയുമായി അമൃതാനന്ദമയീ മഠം

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ ദുരന്തം അനുഭവിക്കുന്ന ബിഹാറിലെ ജനങ്ങൾക്കു സഹായവുമായി മാതാ അമൃതാനന്ദമയീ മഠം രംഗത്തിറങ്ങി.

പ്രളയബാധിത പ്രദേശങ്ങളിൽ മഠം രണ്ടുകോടി രൂപയുടെ ദുരിതാശ്വാസ പദ്ധതി നടപ്പാക്കും.

40 ലക്ഷത്തിൽപരം രൂപയുടെ ജീവൻരക്ഷാ ഔഷധങ്ങളുമായി സന്നദ്ധ പ്രവർത്തകർ ബിഹാറിൽ എത്തി.

ഭക്ഷ്യവസ്തുക്കൾ, വസ്ത്രം എന്നിവയും എത്തിച്ചു. താൽക്കാലിക അഭയകേന്ദ്രങ്ങളും പണിതു നൽകും.

ഇടപ്പള്ളി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ വിദഗ്ധ ഡോക്ടർമാരുടെ സംഘവും ബിഹാറിൽ എത്തി.

അമൃത ടെലിമെഡിസിൻ വാൻ, ആംബുലൻസുകൾ എന്നിവയും യാത്ര തിരിച്ചു.

പൂർണിയ ജില്ലയിലെ പല പ്രദേശങ്ങളിൽ ഡോ. രാം മോഹൻ, ഡോ. വിഷ്ണു, ഡോ. ബിനു, ഡോ. ചന്ദ്രശേഖർ എന്നിവർ മെഡിക്കൽ ക്യാംപുകൾക്കു നേതൃത്വം നൽകുന്നതായി സ്വാമി അമൃതസ്വരൂപാനന്ദപുരി അറിയിച്ചു.

ആശ്രമത്തിൽനിന്നു നിജാമൃത ചൈതന്യ, സദാശിവ ചൈതന്യ, രാസാമൃത ചൈതന്യ എന്നിവരും നൂറുകണക്കിനു ഭക്തരും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.